# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 852 — 10.06.2019-ൽ മറുപടിക്ക്

## ആദിവാസി പുനരധിവാസ വികസനമിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, സി.മമ്മൂട്ടി<br>,, എം.ഉമ്മർ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവർഗ്ഗവിഭാഗങ്ങളുടെ വികസനത്തിനായി നടപ്പാക്കുന്ന ആദിവാസി പുനരധിവാസ വികസന മിഷന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ആദിവാസി പുനരധിവാസ വികസന മിഷന്റെ പുരോഗതി വകുപ്പ് തലത്തിൽ വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി 2001-ൽ രൂപീകൃതമായതാണ് റ്റി.ആർ.ഡി.എം അഥവാ ആദിവാസി പുനരധിവാസ വികസന മിഷൻ. നാളിതുവരെ മിഷൻ മുൻകൈയെടുത്ത് സംസ്ഥാന മൊട്ടാകെ 8906 കുടുംബങ്ങൾക്കായി 10661 ഏക്കർ ഭൂമി വിതരണം ചെയ്യാൻ സാധിച്ചു. ഇതിൽ റവന്യൂ ഭൂമി, പ്രോജക്ട് ഭൂമി, മിച്ചഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ ഉൾപ്പെടുന്നു. കൂടാതെ ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം 825 കുടുംബങ്ങൾക്ക് 386 ഏക്കർ ഭൂമി വാങ്ങി നൽകാൻ സാധിച്ചു.<br><br>വനാവകാശ നിയമ പ്രകാരം 25825 കുടുംബങ്ങൾക്ക് 34565.76 ഏക്കർ ഭൂമിയ്ക്ക് വനാവകാശരേഖ നൽകാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 10943 ഭൂരഹിത കുടുംബങ്ങളാണുള്ളത്. ടി ഭൂരഹിതർക്ക് ഭൂമി സമയബന്ധിതമായി അനുവദിക്കുന്നതിനായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി, വനാവകാശ നിയമപ്രകാരം കൈവശരേഖ നൽകൽ, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പ്രവർത്തികൾ ടി മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. |
| ബി) | ആദിവാസി പുനരധിവാസ വികസന മിഷന്റെ ഭാഗമായി പ്രഖ്യാപിച്ച കോളനി വികസനപ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | ബി) | ഭൂരഹിതരായിട്ടുള്ള പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുകയെന്നതാണ് ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രധാന ദൗത്യമെങ്കിലും പുനരധിവാസ മേഖലകളിലെ വികസന പ്രവർത്തികളും മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പുനരധിവസിപ്പിച്ച പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 2018-19 സാമ്പത്തിക വർഷം വയനാട് ജില്ലയിലെ സുഗന്ധഗിരി - പൂക്കോട് പുനരധിവാസ മേഖലകളിൽ ഒരു സമഗ്ര വികസന പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 23.78 കോടി രൂപയുടെ ഭരണാനുമതി നൽകി തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| സി) | ആദിവാസിജനവിഭാഗത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചും ആനുകൂല്യങ്ങളെക്കുറിച്ചും ഈ വിഭാഗക്കാർക്ക് വേണ്ടത്ര അവബോധമുണ്ടാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | സി) | പട്ടികവർഗ്ഗ ജനവിഭാഗത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെ സംബന്ധിച്ചും ആനുകൂല്യങ്ങൾ സംബന്ധിച്ചും വേണ്ടത്ര അവബോധ മുണ്ടാക്കാൻ വർഷം തോറും എല്ലാ പദ്ധതികളെയും ഉൾക്കൊള്ളിച്ച് കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നു. കൂടാതെ ട്രൈബൽ പ്രമോട്ടർമാർ മുഖേനയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേനയും പദ്ധതികളെ കുറിച്ച് വ്യാപകമായ പ്രചരണം നടത്തുന്നുണ്ട്. ഓരോ വർഷത്തെ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് ബഡ്ജറ്റ് സർക്കുലർ പുറത്തിറക്കുന്നു. കൂടാതെ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളെ കുറിച്ചും, ആനുകൂല്യങ്ങളെ കുറിച്ചും അറിയുന്നതിനായി സംസ്ഥാനതലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള ടോൾ ഫ്രീ നമ്പർ സേവനം വഴി വിവരങ്ങൾ നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**